**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ജി എസ് ജയലാൽ</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, കൊട്ടിയം, പാരിപ്പള്ളി, ചാത്തന്നൂർ എന്നീ മത്സ്യ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും മുൻനിർത്തി കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;</td><td>(എ)</td><td>കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, കൊട്ടിയം, പാരിപ്പള്ളി, ചാത്തന്നൂർ എന്നീ മത്സ്യ മാർക്കറ്റുകളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>പദ്ധതി</th><th>അടങ്കൽ തുക (ലക്ഷം)</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>സൗത്ത് പരവൂർ മത്സ്യ മാർക്കറ്റ്</td><td>235.182</td><td>സാങ്കേതികാനുമതി നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>2</td><td>കൊട്ടിയം മത്സ്യ മാർക്കറ്റ്</td><td>226.22</td><td>സാങ്കേതികാനുമതി എസ്റ്റിമേറ്റ് ഫൈനലൈസ് ചെയ്തു വരുന്നു</td></tr>
<tr><td>3</td><td>പാരിപ്പള്ളി മത്സ്യ മാർക്കറ്റ്</td><td>302.83</td><td>സാങ്കേതികാനുമതി നൽകിക്കൊണ്ട് പാക്കേജ് ഫയൽ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചു.</td></tr>
<tr><td>4</td><td>ചാത്തന്നൂർ മത്സ്യ മാർക്കറ്റ്</td><td>528.06</td><td>സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകി.</td></tr>
</table></td></tr>
<tr><td>(ബി)</td><td>വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്രസ്തുത മത്സ്യമാർക്കറ്റുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും നവീകരണ വികസന പ്രവർത്തനങ്ങളും വ്യക്തമാക്കാമോ?</td><td>(ബി)</td><td>വിശദാംശം അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | പദ്ധതി ഘടകങ്ങൾ |
|---|---|---|
| 1. | സൗത്ത് പരവൂർ മത്സ്യമാർക്കറ്റ് | 323 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു നില മാർക്കറ്റ് കെട്ടിടത്തിൽ 23 ഫിഷ് സ്റ്റാളുകൾ, ലോക്കർ റൂം, ഫ്രീസർ റൂം, പ്രിപ്പറേഷൻ റൂം, ശുചിമുറികൾ, ദിവസകച്ചവടത്തിനുള്ള പ്രാഥമിക സൗകര്യം എന്നിവ ഉൾപ്പെടുന്നു. |
| 2. | കൊട്ടിയം മത്സ്യമാർക്കറ്റ് | 349.50 ചതുരശ്രമീറ്റർ വിസ്തൃതിയിൽ ഒരു നില മാർക്കറ്റ് കെട്ടിടത്തിൽ 12 ഫിഷ് സ്റ്റാളുകൾ, 14 കടമുറികൾ, 2 ബുച്ചർ സ്റ്റാളുകൾ, ശുചിമുറികൾ എന്നിവ ഉൾപ്പെടുന്നു. |
| 3. | പാരിപ്പള്ളി മത്സ്യമാർക്കറ്റ് | 894 ചതുരശ്രമീറ്റർ വിസ്തൃതിയിൽ ഇരു നില മാർക്കറ്റ് കെട്ടിടത്തിൽ 18 ഫിഷ് സ്റ്റാളുകൾ, 4 ഉണക്ക മത്സ്യ സ്റ്റാളുകൾ, 3 ബുച്ചർ സ്റ്റാളുകൾ, 15 കടമുറികൾ, ഫ്രീസർ /പ്രിപ്പറേഷൻ റൂം, വെയിറ്റിംഗ് റൂം, ശുചിമുറികൾ എന്നിവ ഉൾപ്പെടുന്നു. |
| 4. | ചാത്തന്നൂർ മത്സ്യമാർക്കറ്റ്. | 1583.65 ചതുരശ്രമീറ്റർ വിസ്തൃതിയിൽ മൂന്ന് നില മാർക്കറ്റ് കെട്ടിടത്തിൽ, 8 ഫിഷ് സ്റ്റാളുകൾ, ഫ്രീസർ റൂം, പ്രിപ്പറേഷൻ റൂം, 16 കടമുറികൾ, 2 ഉണക്കമത്സ്യസ്റ്റാളുകൾ, 2 പിക്കൾ സ്റ്റാളുകൾ, ഇലക്ട്രിക്കൽ റൂം, ഫ്രൂട്ട് സ്റ്റാൾ, കമ്മ്യൂണിറ്റി ഹാൾ, ക്വാളിറ്റി കൺട്രോൾ റൂം, ഓഫീസ് ഹാൾ, ഫിഷർമെൻ ട്രെയിനിംഗ് സെന്റർ, മത്സ്യഭവൻ ഓഫീസ്, ശുചിമുറികൾ എന്നിവ ഉൾപ്പെടുന്നു. |